**Desabhimani**

**31 August 2018**

**Thiruvananthapuram, Rebuild Kerala, Library Workers**

# പുനർ നിർമാണത്തിന് ഗ്രന്ഥശാലാ പ്രവർത്തകർ മുന്നിട്ടിറങ്ങുക

**തിരുവനന്തപുരം**

പ്രളയം തകർത്ത കേരളത്തെ പുനർനിർമിക്കാനുള്ള യജ്ഞത്തിൽ ഗ്രന്ഥശാലാ പ്രവർത്തകർ സജീവമായി പങ്കെടുക്കണമെന്ന് കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ എക്സിക്യൂട്ടീവ് യോഗം ആവശ്യപ്പെട്ടു.

പ്രളയത്തിൽ ആകെ 228 ലൈബ്രറി പൂർണമായോ ഭാഗികമായോ നശിച്ചതിനാൽ 11 കോടിയിൽപരം രൂപയുടെ നഷ്ടമുണ്ട്. ജില്ലാ ലൈബ്രറികൗൺസിലുകളും താലൂക്ക് കൗൺസിലുകളും വിവരങ്ങൾ ശേഖരിച്ച് സംസ്ഥാന കൗൺസിലിനെ അറിയിക്കണം.

എല്ലാ ലൈബ്രറികളും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് ഫണ്ട് ശേഖരണം നടത്തണം. സെപ്തംബർ 14ന് ഗ്രന്ഥശാലാദിനം ഇതിന് പ്രയോജനപ്പെടുത്തണം. സംസ്ഥാന, ജില്ല, താലൂക്ക് ഭാരവാഹികൾ ഒരു മാസത്തെ അലവൻസ് നൽകണം. സംസ്ഥാനം, ജില്ല, താലൂക്ക് എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങൾ ഒരു യോഗത്തിന്റെ സിറ്റിങ് ഫീസ് നൽകണം. ജീവനക്കാർ ഒരു മാസത്തെ ശമ്പളം നൽകണം. പ്രസിഡന്റ് കെ വി കുഞ്ഞികൃഷ്ണൻ അധ്യക്ഷനായി. സെക്രട്ടറി പി അപ്പുക്കുട്ടൻ റിപ്പോർട്ട് അവതരിപ്പിച്ചു.